നടപ്പിലാക്കിവരുന്നു. കൂടാതെ, ജൈവകൃഷി പരിശീലിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും വ്യാപിപ്പിക്കുവാനുമായി നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

(ബി) വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ 1500 ഹെക്ടർ സ്ഥലത്ത് കുരുമുളക് വികസന പദ്ധതി പ്രകാരം ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപാദിപ്പിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. 2002-03 സാമ്പത്തിക വർഷവും 2003-04 സാമ്പത്തിക വർഷവും 800 ഹെക്ടർ വീതം സ്ഥലത്ത് കുരുമുളക് കൃഷി ചെയ്തിരുന്നു. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലായി നടപ്പ് സാമ്പത്തിക വർഷം 100 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനസമിതി രൂപീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

കാർഷിക മേഖലയുടെ നവീകരണം

71 [2040] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയുടെ നവീകരണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർക്ക് പ്രയോജനകരമാകത്തക്കവിധം വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2004-2005 സാമ്പത്തിക വർഷത്തിൽ 104.61 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. നെൽകൃഷി, തെങ്ങുകൃഷി, കുരുമുളക് കൃഷി, പൂകൃഷി, ഇഞ്ചി/മഞ്ഞൾ തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങളുടെ വികസനം, കശുമാവ് വികസനം, പച്ചക്കറി കൃഷി, പഴവർഗ്ഗ വികസനം, ഔഷധസസ്യങ്ങളുടെ വികസനം, ചെറുകിട യന്ത്രവൽക്കരണം, ജലസേചനത്തിനായി ഡ്രിപ്പ് ഇറിഗേഷൻ/സ്പ്രിംഗ്കർ ഇറിഗേഷൻ യൂണിറ്റ് സ്ഥാപിക്കൽ, കാർഷിക വിപണനം, വിലസ്ഥിരത നിലനിർത്തൽ, വിപണിയിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കൽ തുടങ്ങിയ പദ്ധതികളിലൂടെ കർഷകർക്ക് നൂതന കാർഷിക സാങ്കേതിക വിദ്യയിൽ പരിശീലനം, ഉൽപാദനോപാധികൾ വാങ്ങാൻ സഹായധനം, വിത്തുൽപ്പാദനത്തിന് സബ്സിഡി, തെങ്ങിൽ മണ്ടരി ബാധക്കെതിരെ മരുന്നടിക്കാൻ സഹായധനം, ജീവാണുവളങ്ങൾ, ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കാൻ സഹായധനം, കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുക, വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭംമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം, നൂതന കാർഷിക സംരംഭങ്ങൾ തുടങ്ങുവാൻ സബ്സിഡി എന്നിങ്ങനെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങൽ, കിണർ കുഴിക്കൽ, പമ്പുസെറ്റ് സ്ഥാപിക്കൽ, ഗ്രീൻ ഹൗസുകൾ സ്ഥാപിക്കൽ, ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റ് സ്ഥാപിക്കൽ, യന്ത്രവൽക്കരണംമൂലം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കും കർഷകർക്ക് സഹായധനം ലഭ്യമാക്കുന്നു.

(ബി) കാർഷിക മേഖലയുടെ നവീകരണത്തിനായി നടപ്പു സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ട്:

1. സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ.
2. ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ.
3. വാണിജ്യ സുരക്ഷാപദ്ധതി നടപ്പാക്കൽ.
4. വീട്ടുവളപ്പിലെ കൃഷി നടപ്പാക്കൽ പദ്ധതി.
5. കാർഷിക കയറ്റുമതി കേന്ദ്രങ്ങളുടെ സ്ഥാപനം.
6. വിവര സാങ്കേതിക വിദ്യ നടപ്പാക്കൽ.

ചെറുകിട കർഷകരെ സഹായിക്കുന്നതിന് പദ്ധതി

72 [2041] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ചെറുകിട കർഷകരെ സഹായിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കൃഷിയിറക്കുന്നതിനും വിപണനം സുഗമമാക്കുന്നതിനും വേണ്ടി എന്തെല്ലാം സാമ്പത്തിക സഹായങ്ങളും വായ്പകളും സബ്സിഡികളുമാണ് നൽകി വരുന്നത്;

(സി) ചെറുകിട കർഷകർക്ക് കൃഷിഭൂമി വാങ്ങുന്നതിന് കൃഷിവകുപ്പോ മറ്റ് ഏജൻസികളോ കാർഷിക വികസന ബാങ്കുവഴിയോ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ഡി) പുത്തൻ കൃഷിയിനങ്ങളായ വാനില, സഫേദ് മുസലി, ഊദ് എന്നീ ഇനങ്ങൾ കൃഷി ചെയ്യുന്ന ചെറുകിട കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) പുഷ്പ-ഫല-സസ്യകൃഷി നടത്തുന്ന ചെറുകിട കർഷകരെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(എഫ്) ചെറുകിട കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly